## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4513** 18.05.2017-ൽ മറുപടിയ്ക്ക്

**ലോട്ടറി വകുപ്പിന് കൂടുതൽ ജനകീയ മുഖം നൽകുന്നതിന് പദ്ധതികൾ**

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സുവർണ്ണ ജൂബിലി വർഷത്തിൽ ലോട്ടറി വകുപ്പിന് കൂടുതൽ ജനകീയ മുഖം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കുമോ; | (എ) | ഭാഗ്യക്കുറി വകുപ്പിന് കൂടുതൽ ജനകീയമുഖം നൽകുന്നതിന്റെ ഭാഗമായിട്ടാണ് ശുചിത്വത്തിന്റെ പരസ്യ പ്രചരണാർത്ഥം നിർമ്മൽ പ്രതിവാരഭാഗ്യക്കുറി നറുക്കെടുപ്പുകൾ എല്ലാ വെള്ളിയാഴ്ചകളിലും നടത്തി വരുന്നത്. പ്രസ്തുത ഭാഗ്യക്കുറി ടിക്കറ്റുകളിൽ ശുചിത്വത്തിന്റെ പരസ്യ പ്രചാരണത്തിനുള്ള വാചകങ്ങൾ അച്ചടിക്കുന്നുണ്ട്. കാരുണ്യ, കാരുണ്യ പ്ലസ്, സ്ത്രീ ശക്തി തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ള ലോട്ടറികൾക്കൊപ്പമാണ് നിർമ്മൽ ഭാഗ്യക്കുറിയുടെയും സ്ഥാനം. വകുപ്പിന്റെ സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. 18 പുതിയ ഓഫീസുകൾ ആരംഭിച്ചു. വകുപ്പിന്റെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണിത്. |
| (ബി) | ലോട്ടറി നടത്തിപ്പിലൂടെയുള്ള വരുമാനം ഈ സർക്കാരിന്റെ കാലത്ത് വർദ്ധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (ബി) | ലോട്ടറി നടത്തിപ്പിലൂടെയുള്ള വരുമാനം ഈ സർക്കാരിന്റെ കാലത്ത് (2016-17) വർദ്ധിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ വരുമാനം ( വിറ്റുവരവ്) 6318.46 കോടി രൂപയും, 2016-17 സാമ്പത്തിക വർഷത്തെ വരുമാനം 7395.29 കോടി രൂപയുമാണ്. 2015-16 ലെ വരുമാനത്തെ അപേക്ഷിച്ച് 1076.83 കോടി രൂപയുടെ വരുമാന വർദ്ധനവ് 2016-17 ൽ ഉണ്ടായിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.